# ഭരണഭാഷ - മാതൃഭാഷ


**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307


**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - ക്ലാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (ഡി) വിഭാഗം

നം: ED1/24967/23/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 12.07.2023

---

വായന:- 19.06.2023 ലെ ഈ കാര്യാലയത്തിലെ ഇജി 3/2671/23/ഡിടിഇ നമ്പർ സർക്കുലർ

**ഉത്തരവ്**

വകുപ്പിൽ 11.01.2023 മുതൽ ക്ലാർക്ക് തസ്തികയിൽ ഉണ്ടായ ഒഴിവുകളിലേക്ക് ഉദ്യോഗക്കയറ്റ / തസ്തികമാറ്റ നിയമനത്തിന് യോഗ്യരായ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരെ ഉൾപ്പെടുത്തി അന്തിമ സീനിയോറിറ്റി പട്ടിക വായന പ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നു.

ടി തീയതിക്ക് ശേഷം സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നുള്ള വിരമിക്കൽ മൂലം ടി തസ്തികയുടെ 05 (അഞ്ച്) ഒഴിവുകൾ വകുപ്പിൽ സംജാതമായിരുന്നു.

അതിനാൽ, വായന അന്തിമ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ട ചുവടെ ചേർത്തിരിക്കുന്ന ക്ലാർക്ക് തസ്തികയിലെ ഉദ്യോഗസ്ഥർക്ക്; കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ ഭാഗം - II പൊതു ചട്ടം 28 (ബി) (ii) ന്റെ വിധേയമായി ₹ 35600 - 75400 വേതന നിരക്കിലുള്ള സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി താൽക്കാലിക ഉദ്യോഗക്കയറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

1.ടി ഉദ്യോഗക്കയറ്റം തികച്ചും താൽക്കാലികവും, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള സ്പെഷ്യൽ ലീവ് പെറ്റീഷൻസ് (സിവിൽ) നമ്പർ 21086 - 21087/2019 നമ്പറുകളായുള്ള ഹർജികളുടെ അന്തിമ വിധി പ്രസ്താവത്തിന് വിധേയമായി പിൻവലിക്കപ്പെടാനോ / പുന:പരിശോധിക്കപ്പെടാനോ സാധ്യതയുള്ളതുമാണ്.

2.ഉദ്യോഗക്കയറ്റം ലഭിച്ച ക്ലാർക്കുമാർ നിലവിൽ ജോലി ചെയ്തു വരുന്ന സ്ഥാപനങ്ങളിൽ തുടരേണ്ടതാണ്. ആയതിലേക്ക് ടി ഉദ്യോഗസ്ഥരുടെ തസ്തിക സീനിയർ ക്ലാർക്ക് തസ്തികയായി താൽക്കാലികമായി ഉയർത്തി ഉത്തരവാകുന്നു.ടി ജീവനക്കാർക്ക് അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

3.ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ ശമ്പളം 10.02.2021 - ലെ സ.ഉ (പി) നം.27/2021/ ധന, തിരുവനന്തപുരം നമ്പർ സർക്കാർ ഉത്തരവിലെ ഖണ്ഡിക 36 പ്രകാരം നിർണ്ണയിക്കേണ്ടതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിൽ നിന്നും ഉദ്യോഗക്കയറ്റത്തിൻറെ ഭാഗമായുള്ള ശമ്പള നിർണ്ണയത്തെ തുടർന്ന് അധിക തുക കൈപ്പറ്റുന്ന സാഹചര്യമുണ്ടായാൽ ടി അധിക തുക ഒറ്റത്തവണയായി തിരിച്ചടച്ച് കൊള്ളാം എന്ന സത്യവാങ്മൂലം (2 പകർപ്പുകൾ) ബന്ധപ്പെട്ട മേലധികാരികൾ വാങ്ങേണ്ടതും, ആയതിൻറെ ഒരു പകർപ്പ് മേലൊപ്പ് ചാർത്തി ഈ കാര്യാലയത്തിലേക്ക് അയച്ചു തരേണ്ടതുമാണ്.

4.ഉദ്യോഗകയറ്റം സംബന്ധിച്ച വിശദാംശങ്ങൾ ജീവനക്കാരുടെ സേവന പുസ്തകത്തിൽ യഥാവിധി രേഖപ്പെടുത്തേണ്ടതാണ്.

**<u>സീനിയർ ക്ലാർക്ക് - ഉദ്യോഗക്കയറ്റം</u>**

| ക്രമ. നം. | വായന സീനിയോറിറ്റി പട്ടികയിലെ ക്രമ നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗകയറ്റത്തിന് യോഗ്യരായ ക്ലാർക്കുമാരുടെ പേര്, സ്ഥാപനം,പെൻ | സീനിയർ ക്ലാർക്ക് തസ്തികയിലെ ഉദ്യോഗകയറ്റ പ്രാബല്യ തീയതി | അഭിപ്രായം |
|---|---|---|---|---|
| 1 | 1 | ശ്രീ.മുരളീധരൻ.എൻ.പി<br>ക്ലാർക്ക്<br>സർക്കാർ പോളിടെക്ക്നിക്ക് കോളേജ്,പെരിന്തൽമണ്ണ<br>പെൻ - 401119 | 01.06.2023<br>(ശ്രീമതി.മിക്കി.വി.ജെ വിരമിച്ച ഒഴിവ്) | 23.05.2023 ൽ 50 വയസ്സ് പൂർത്തിയായി |
| | | | | |



Draft #1 of File ED1/24967/23/DTE Approved by Senior Administrative Officer on 12-Jul-2023 09:39 AM - Page 1

| | | | | |
|---|---|---|---|---|
| 2 | 3 | ശ്രീ.പ്രദീപ്.ബി<br>ക്ലാർക്ക്<br>സർക്കാർ പോളിടെക്ക്നിക്ക് കോളേജ്,<br>കടുത്തുരുത്തി,കോട്ടയം<br>പെൻ - 394673 | 03.04.2023<br><br>(ശ്രീ.ദിലീപ്.കെ<br>സ്വയം വിരമിച്ച ഒഴിവ്) | |
| 3 | 4 | ശ്രീ.ബിനു.ബി<br>ക്ലാർക്ക്<br>സർക്കാർ പോളിടെക്ക്നിക്ക്<br>കോളേജ്,പുനലൂർ<br>പെൻ - 723007 | 01.05.2023<br><br>(ശ്രീ.പ്രദീപൻ.പി<br>വിരമിച്ച ഒഴിവ്) | |
| 4 | 5 | ശ്രീ.രഞ്ജിത്ത്.വി.കെ<br>ക്ലാർക്ക്<br>സർക്കാർ എഞ്ചിനീയറിംഗ്<br>കോളേജ്,തൃശ്ശൂർ<br>പെൻ - 736851 | 01.06.2023<br><br>(ശ്രീ.ഷാജി.കെ.എസ്<br>വിരമിച്ച ഒഴിവ്) | |
| 5 | 6 | ശ്രീ.ബാബുരാജൻ.എൻ<br>ക്ലാർക്ക്<br>സർക്കാർ പോളിടെക്ക്നിക്ക്<br>കോളേജ്,പുനലൂർ<br>പെൻ - 377987 | 01.06.2023<br><br>(ശ്രീ.ജോയ് ഡിസിൽവ<br>വിരമിച്ച ഒഴിവ്) | 50 വയസ്സ്<br>പൂർത്തിയായി |

ഒപ്പ് /-

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

പകർപ്പ്
1.സി.എ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, ഡിടിഇ
2.ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് (വെബ് സൈറ്റ് വഴി)
3.ബന്ധപ്പെട്ട ജീവനക്കാർക്ക് (സ്ഥാപന മേധാവി വഴി)
4.സൂപ്രണ്ട്,ജീവനക്കാര്യം (ജി) വിഭാഗം, ഡിടിഇ (ഡിഡിഎഫ്എസ് വഴി)
5.സിസ്റ്റം അനലിസ്റ്റ്,ഡിടിഇ (പ്രസിദ്ധീകരണത്തിന്)
6.ഡിഡിഎഫ്എസ് കരുതൽ സഞ്ചയം

Approval Valid

Digitally Approved By
സുനിൽ കുമാർ സി വി
Date: 12.07.2023
Reason: Approved

Draft #1 of File ED1/24967/23/DTE Approved by Senior Administrative Officer on 12-Jul-2023 09:39 AM - Page 2

The document is digitally approved. Hence signature is not needed.